**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4143** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മസേനയുടെ യൂസർ ഫീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 06-01-2023ലെ സ.ഉ (സാധാ)നമ്പർ 41/2023/ ത.സ്വ.ഭ.വ ഉത്തരവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | **06-01-2023ലെ സ.ഉ (സാധാ)നമ്പർ 41/2023/ ത.സ്വ.ഭ.വ ഉത്തരവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പുകൾ** അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഖര മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർ ഫീ ഇനത്തിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ രേഖയായ 15-07-2017-ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപ എന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>പുതുക്കിയ ഉത്തരവ് പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ വീടുകൾക്ക് 50/- രൂപയും നഗര പ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കി വരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്). |
| (സി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള | (സി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള |

| | | | |
|---|---|---|---|
| | വിഭാഗത്തിൽപ്പെട്ടുന്നവർ , അർബുദം പോലുള്ള മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബങ്ങൾ എന്നിവരെ പ്രസ്തുത യൂസർ ഫീയിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | | വിഭാഗത്തിൽപ്പെട്ടുന്നവർ, ആശ്രയ കുടുംബങ്ങൾ എന്നിവർക്ക് യൂസർഫീ ഇളവ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർക്കുള്ള യൂസർഫീ തദ്ദേശ സ്വയംഭരണ സ്ഥാപനം ഗുണഭോക്താക്കളുടെ പട്ടികയോടൊപ്പം ഹരിതകർമ്മ സേനാ കൺസോർഷ്യത്തിന് നൽകേണ്ടതാണ്. 12/08/2020 ലെ സ.ഉ. (സാധാ) നം . 1496/2020/ ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച ഹരിത കർമ്മ സേന പ്രവർത്തന മാർഗ്ഗരേഖയിൽ യൂസർ ഫീ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് യൂസർ ഫീ ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## List of Correspondences

| | Receipt No. / Issue No. | Subject | Type | Marked As | Attached On | Issued On | Pages | Remarks |
|---|---|---|---|---|---|---|---|---|
| E | I/5582647/2023 | LSGD- waste management-collection of user fee -reg | Issue | | | 24/01/2023 10:37 AM | 12-12 | |
| E | 6850067/2023/O/o DS Local Self Govt. (WM) | Haritha karma sena payment of service charge | Receipt | | 09/01/2023 04:25 PM | | 10-11 | s |
| E | സ.ഉ.(സാധാ) നം.41/2023/LSGD | LSGD- waste management-collection of user fee -reg | Issue | | | 08/01/2023 02:41 AM | 6-9 | |
| E | I/5562578/2023 | LSGD- waste management-collection of user fee -reg | Issue | | | 08/01/2023 02:39 AM | 4-5 | |
| E | 6834560/2023/LOCAL SELF GOVT. (WM) | HKS user fee - 5389/C5/2022/SM | Receipt | | 05/01/2023 10:44 AM | | 1-3 | y |



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

I/5582647/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

നമ്പർ.WM3/1/2023-LSGD　　　　23-01-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ (Rural), LSGD,
തിരുവനന്തപുരം

സർ,

വിഷയം:- ത.സ്വ.ഭ.വ- മാലന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ പിരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയ്ക്ക് ആലപ്പുഴ ഡി.ഡി.പി 14-12-2022 ന് ADP-ALP/10308/2022-A2/കെ-ഡിസ് നം നടപടിക്രമം പ്രകാരം നല്കിയ മറുപടി

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ പിരിക്കുന്നത് സംബന്ധിച്ച് വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ് കൽപ്പിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ പുറപ്പെടുവിച്ച നടപടിക്രമത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SHERLI P
സ്പെഷ്യൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Prasanth C
Date:24-01-2023 09:24:23
സെക്ഷൻ ഓഫീസർ



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

Gmail

shibi Abraham <dslsgd2020@gmail.com>

# HKS- User Fee- Enforcement of law- Reg.

3 messages

**Suchitwa Mission** <sanitationkerala@gmail.com> 7 January 2023 at 15:53
To: ACS LSGD <acslsgd@gmail.com>, Sarada Muraleedharan IAS <acs.lsgd@kerala.gov.in>, Sarada Muraleedharan <saradalsg@gmail.com>, "Deputy Secretary to Govt. LSGD" <dslsgd2020@gmail.com>, lsg WM <lsg.wm7427@gmail.com>
Cc: Executive Director suchitwamission <edsuchitwamission@gmail.com>, balabhaskarankt@rediffmail.com

Madam,

Kindly see the attached copy of the letter and links of the news that spreads through social media.

1. https://fb.watch/hSMlHMGAMF/?mibextid=2Rb1fB
2. https://www.facebook.com/reel/855675749114421?s=yWDuG2&fs=e&mibextid=Nif5oz
3. https://m.facebook.com/story.php?story_fbid=pfbid02AoxHAwE8w8ae8qn47xb3nMTVK4d54f2GxgfPpqKBkQYWkc2dGHEhs4zpQ86N6bobl&id=100085191330125&mibextid=Nif5oz
4. https://m.facebook.com/story.php?story_fbid=pfbid0TVStubKinwJoFDWmYqRc9jZ78Xq17hT2GgEo8QPkoEbYNzmSX7ZmH5aQQj1PiN2xl&id=100083337759392&mibextid=Nif5oz

Suchitwa Mission
LSGD, 4th Floor, Revenue Complex
Public Office Compound
Thiruvananthapuram - 695033
sanitationkerala@gmail.com
www.sanitation.kerala.gov.in

**5389-C5-2022-Ltr to ACS.pdf**
986K

**Sarada Muraleedharan** <saradalsg@gmail.com> 7 January 2023 at 17:04
To: "Shibi Abraham DS (WM, EG)" <dslsgd2020@gmail.com>

Pl send these to the dgp too
[Quoted text hidden]

**5389-C5-2022-Ltr to ACS.pdf**
986K

**Sarada Muraleedharan IAS** <acs.lsgd@kerala.gov.in> 7 January 2023 at 17:09
To: saradalsg <saradalsg@gmail.com>, dslsgd2020 <dslsgd2020@gmail.com>

**From:** sanitationkerala@gmail.com
**To:** acslsgd@gmail.com, "Sarada Muraleedharan IAS" <acs.lsgd@kerala.gov.in>, saradalsg@gmail.com, dslsgd2020@gmail.com, "lsg wm7427" <lsg.wm7427@gmail.com>
**Cc:** edsuchitwamission@gmail.com, balabhaskarankt@rediffmail.com

**Sent:** Saturday, January 7, 2023 3:53:51 PM
**Subject:** HKS- User Fee- Enforcement of law- Reg.
[Quoted text hidden]

Azadi Ka Amrit Mahotsav

G20 भारत 2023 INDIA
वसुधैव कुटुम्बकम्
ONE EARTH • ONE FAMILY • ONE FUTURE

---

**5389-C5-2022-Ltr to ACS.pdf**
986K

സ.ഉ.(സാധാ) നം.41/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശുചിത്വ മിഷൻ-ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ഖര മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർ ഫീ - യൂസർ ഫീ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള അനിവാര്യ രേഖയായി പരിഗണിക്കുന്നത്- സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.41/2023/LSGD തീയതി,തിരുവനന്തപുരം, 06-01-2023

---

പരാമർശം:-

1. വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയ്ക്ക് ആലപ്പുഴ ഡി.ഡി.പി 14-12-2022-ന് ADP-ALP/10308/2022-A2/കെ-ഡിസ് നമ്പർ നടപടിക്രമം പ്രകാരം നൽകിയ മറുപടി.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04-01-2023 ലെ 5389/സി5/2022/എസ്.എം. നമ്പർ കത്ത്
3. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം.
4. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം.
5. 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമം
6. 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്.
7. 13-09-2018-ലെ സ.ഉ.(പി) നം. 65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ പരിപാലന നയം.
8. 08-04-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ച ഖരമാലിന്യ പരിപാലന ചട്ടം- 2016.
9. 18-03-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം- 2016.
10. 04/01/2021-ലെ സ.ഉ (സാധാ) നം. 18/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
11. 15-07-2020-ലെ സ.ഉ (പി) നം. 2420/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
12. 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

സ.ഉ.(സാധാ) നം.41/2023/LSGD

**ഉത്തരവ്**

വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ് കൽപ്പിച്ച് പരാമർശം (1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ പുറപ്പെടുവിച്ച നടപടി ക്രമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഏത് സേവനങ്ങൾക്കുമുള്ള അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന മുഖേനയുള്ള പ്ലാസ്റ്റിക് ശേഖരണത്തിന് ലഭിക്കുന്ന രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് നിലവിലില്ല എന്ന് പരാമർശിച്ചിരുന്നത് ചില മാധ്യമങ്ങളും വ്യക്തികളും ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ നൽകുന്നതിന് നിയമമില്ലായെന്ന തരത്തിൽ വ്യാഖ്യാനിച്ച് വ്യാപകമായി പത്ര മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും ത.സ്വ.ഭ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനേയും പ്രതികൂലമായി ബാധിക്കുമെന്നും ആയതിനുള്ള സ്പഷ്ടീകരണം സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നും പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും ത.സ്വ.ഭ വകുപ്പ് ജില്ലാ/സംസ്ഥാന മേധാവിമാർക്കും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. പരാമർശം (3,4) ആക്ടുകൾ പ്രകാരം ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യവും സംരക്ഷിക്കുക എന്നത് ത.സ്വ.ഭ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്.

2. പരാമർശം (5,6) പ്രകാരം മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും പകർച്ചവ്യാധി പ്രതിരോധത്തിന്റെ കൂടി ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും സർക്കാരിനൊപ്പം പ്രദേശിക സർക്കാരുകളുടെ കൂടി ഉത്തരവാദിത്തമാണ്.

3. പരാമർശം (7,8,9) എന്നിവ പ്രകാരം മാലിന്യ ഉത്പ്പാദകരാരും തന്നെ തങ്ങളുടെ ഖര മാലിന്യം തെരുവുകളിലേക്കോ, പൊതു ഇടങ്ങളിലേക്കോ വലിച്ചെറിയരുതെന്നും കത്തിക്കരുതെന്നും ജലാശയങ്ങളിലേക്കോ ജലമാർഗ്ഗത്തിലേക്കോ ഒഴുക്കിവിടരുതെന്നും പകരം തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന നിയോഗിക്കപ്പെടുന്ന ആളുകൾ/ഏജൻസികൾ മുഖേന ഓരോ മാലിന്യ ഉത്പ്പാദകനും യൂസർ ഫീ നൽകി തങ്ങളുടെ മാലിന്യം തരംതിരിച്ച് കൈയൊഴിയണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുള്ളതാണ്.

4. ആയതിനെ അടിസ്ഥാനപ്പെടുത്തി പരാമർശം (10) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഭരണസമിതി അംഗീകാരത്തോടെ പാസാക്കിയിട്ടുള്ളതുമാണ്.

5. പരാമർശം (11,12) പ്രകാരമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ത.സ്വ.ഭ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ

സ.ഉ.(സാധാ) നം.41/2023/LSGD

സേന മുഖേന പാഴ് വസ്തു ശേഖരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളൊരുക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരാമർശം (12) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം യൂസർഫീ ഈടാക്കുന്നതിന് സർക്കാർ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

6. ആയതിനാൽ തന്നെ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് ഹരിതകർമ്മ സേന മുഖാന്തിരം വാതിൽപ്പടി ശേഖരണത്തിലൂടെ ഖരമാലിന്യ ശേഖരണം യൂസർഫീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് മേൽ പരാമർശങ്ങൾ പ്രകാരം നിയമസാധുതയുള്ളതുമാണ്.

7. ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിവിധ ഉത്തരവുകളേയും നിർദ്ദേശങ്ങളെയും അടിസ്ഥാനപ്പെടുത്തി സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഹരിതകർമ്മ സേന മുഖേന യൂസർഫീ അടിസ്ഥാനത്തിലുള്ള വാതിൽപ്പടി ശേഖരണം അനിവാര്യമായതിനാൽ ആയത് ഓരോ ത.സ്വ.ഭ സ്ഥാപനവും ഉറപ്പാക്കേണ്ടതാണ്. ആയത് ജില്ലാ വകുപ്പ് മേധാവിമാരും സംസ്ഥാന മേധാവിമാരും നിരന്തര അവലോകനത്തിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്.

8. വാതിൽപ്പടി പാഴ് വസ്തു ശേഖരണ സേവനം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 100% യൂസർഫീ ശേഖരിക്കുന്നതിന് പരാമർശം (12) ഉത്തരവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ എന്ന ശീർഷകത്തിലെ ഖണ്ഡിക XXIV ൽ നിഷ്കർഷിക്കും പ്രകാരം അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. (ഉദാ. ത.സ്വ.ഭ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന നൽകുന്ന യൂസർ ഫീ കാർഡ് / രസീതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് അപേക്ഷകരോട് നിർദ്ദേശിക്കാവുന്നതാണ്)

9. മേൽ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് അതാത് ത.സ്വ.ഭ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതരത്തിൽ ത.സ്വ.ഭ സ്ഥാപനങ്ങളും, ശുചിത്വ മിഷനും, ഹരിതകേരള മിഷനും, കുടുംബശ്രീ മിഷനും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തീവ്ര വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

സ.ഉ.(സാധാ) നം.41/2023/LSGD

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ)
ഡയറക്ടർ, തദ്ദേശസ്വയംഭരണ(റൂറൽ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഹരിത കേരള മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, അമൃത്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(തദ്ദേശ സ്വയംഭരണ(റൂറൽ) ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Prasanth C**
**Date: 07-01-2023 11:48:28**
സെക്ഷൻ ഓഫീസർ



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

**GOVERNMENT OF KERALA**

Local Self Government (WM)Department

No.WM3/1/2023-LSGD 07-01-2023,Thiruvananthapuram

From

Additional Chief Secretary to Government

To

The Director General of Police
Thiruvananthapuram.

Sir,

Sub: Waste management- Malicious misinformation reg user fee to waste collectors -reg.

Ref:- 1. DDP Alappuzha RTI proceedings no.ADP-ALP/10308/2022-A2/K-Dis dated 14.12.2022
2. Althwaf Vlogs

On 14.12.22, in response to a RTI application , the DDP, LSGD Alappuzha informed that there were no Government orders or circulars requiring people to submit the receipts showing plastic waste user fee collection by haritha karma sena in order to avail services from panchayats (reference 1 above). This is in itself was not factually accurate, but using this reply, a wide chain of messages in social media and local news was activated stating that user fee collection by the haritha karma sena itself had no legal sanctity and exhorting people not to give the haritha karma sena their plastic waste and to not pay them for the door to door waste collection. The fact of the matter is that the GOI Solid Waste Management Rules 2016 very clearly puts the onus on citizens to give their waste to local waste collectors or SHGs as determined by the local bodies at the rates stipulated by the local bodies. These have been augmented further by Government orders and instructions, and by LSG byelaws for solid waste management and plastic waste management.

These misinformation campaigns ~~that~~ have tarnished the work of the



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

Scanned with CamScanner

Haritha Karma Sena and have effectively led many people to violate the Solid Waste Management rules and refuse to pay user fee to waste collectors for picking up segregated waste and plastic. They are tantamount to disruption of the rule of law and obstruction of public duty. Hence I request you to take urgent action against such perpetrators of malicious information. Link for one such vlog is shown below:

https://fb.watch/hRr5P4_YOa/?mibextid=2Rb1fB

Details of similar sites and posts are being collected, and will be shared in due course.

Yours Faithfully,

SARADA MURALEEDHARANI AS
ADDITIONAL CHIEF SECRETARY



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

Scanned with CamScanner

മാലിന്യമുക്ത കേരളം

# ശുചിത്വ മിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

നമ്പർ. 5389/C5/2022/SM തീയതി: 04.01.2023

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

അഡിഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശ സ്വയംഭരണ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

മാഡം,

വിഷയം:- ത.സ്വ.ഭ.വ- ശുചിത്വ മിഷൻ- ഹരിതകർമ്മസേന- മാലന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ പിരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1). വിവരാവകാശ പ്രകാരമുള്ള അപ്പീൽ അപേക്ഷയ്ക്ക് ആലപ്പുഴ ഡി.ഡി.പി 14-12-2022-ന് ADP-ALP/10308/2022-A2/കെ-ഡിസ് നം. നടപടിക്രമം പ്രകാരം നൽകിയ മറുപടി.
2) ഈ ഓഫീസിലെ 28-12-2022-ലെ ഇതേ നം.കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ്കൽപ്പിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ സൂചന (1) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഏത് സേവനങ്ങൾക്കും ഉള്ള അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന അംഗങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണത്തിന് ലഭിക്കുന്ന രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് നിലവിലില്ല എന്ന് പരാമർശിച്ചിരുന്നു. ആയത് ചില മാധ്യമങ്ങളും വ്യക്തികളും ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകുന്നതിന് നിയമമില്ലായെന്ന തരത്തിൽ വ്യാഖ്യാനിച്ച് വ്യാപകമായി പത്ര മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തി വരുന്നത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും ത.സ്വ.ഭ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനേയും പ്രതികൂലമായി ബാധിക്കുമെന്നും ആയതിനുള്ള സ്പഷ്ടീകരണം സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നും സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. മേൽ സാഹചര്യത്തിൽ അനുബന്ധമായി ചേർക്കും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
കെ ടി ബാലഭാസ്കരൻ *
എക്സിക്യൂട്ടീവ് ഡയറക്ടർ

* This is a computer system (Digital File) generated letter. Hence there is no need for a physical signature.


റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM
ഫോൺ: 0471-2312730, 2319831, ഫാക്സ്: 04712996730, ഇ-മെയിൽ: sanitationkerala@gmail.com

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ- ശുചിത്വ മിഷൻ- ഹരിതകർമ്മസേന പ്രവർത്തനങ്ങൾ- ഖര മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർ ഫീ - യൂസർ ഫീ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള അനിവാര്യ രേഖയായി പരിഗണിക്കുന്നത് - സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നത്- സംബന്ധിച്ച് .

---

**ഉത്തരവ് നം.**

പരാമർശം :

1. വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയ്ക്ക് ആലപ്പുഴ ഡി.ഡി.പി 14-12-2022-ന് ADP-ALP/10308/2022-A2/കെ-ഡിസ് നം. നടപടിക്രമം പ്രകാരം നൽകിയ മറുപടി.
2. ശുചിത്വ മിഷൻ എക്സ്ക്യൂട്ടീവ് ഡയറക്ടറുടെ 28-12-2022, 04-01-2023 എന്നീ തീയതികളിലെ 5389/സി5/2022/എസ്.എം. നം.കത്തുകൾ
3. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം.
4. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം.
5. 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമം
6. 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്.
7. 13-09-2018-ലെ സ.ഉ.(പി) നം. 65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ പരിപാലന നയം.
8. 08-04-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാനം വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ച ഖരമാലിന്യ പരിപാലന ചട്ടം- 2016.
9. 18-03-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാനം വകുപ്പ് മന്ത്രാലയം പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം- 2016.
10. 04/01/2021-ലെ സ.ഉ (സാധാ) നം. 18/2021/ത.സ്വ.ഭ.വ
11. 15-07-2020-ലെ സ.ഉ (പി) നം. 2420/2017/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ്.
12. 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ്.

**ഉത്തരവ്**

വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ്കൽപ്പിച്ച് പരാമർശം (1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ പുറപ്പെടുവിച്ച നടപടി ക്രമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഏത് സേവനങ്ങൾക്കുമുള്ള അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന മുഖേനയുള്ള പ്ലാസ്റ്റിക് ശേഖരണത്തിന് ലഭിക്കുന്ന രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് നിലവിലില്ല എന്ന് പരാമർശിച്ചിരുന്നത് ചില മാധ്യമങ്ങളും വ്യക്തികളും ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ നൽകുന്നതിന് നിയമമില്ലായെന്ന തരത്തിൽ വ്യാഖ്യാനിച്ച് വ്യാപകമായി പത്ര മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും ത.സ്വ.ഭ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനേയും പ്രതികൂലമായി ബാധിക്കുമെന്നും ആയതിനുള്ള സ്പഷ്ടീകരണം സർക്കാർ ഉത്തരവായി



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

പുറപ്പെടുവിക്കണമെന്നും പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും ത.സ്വ.ഭ വകുപ്പ് ജില്ലാ/സംസ്ഥാന മേധാവിമാർക്കും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. പരാമർശം (3,4) ആക്ടുകൾ പ്രകാരം ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യവും സംരക്ഷിക്കുക എന്നത് ത.സ്വ.ഭ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്.
2. പരാമർശം (5,6) പ്രകാരം മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും പകർച്ചവ്യാധി പ്രതിരോധത്തിന്റെ കൂടി ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും സർക്കാരിനൊപ്പം പ്രദേശിക സർക്കാരുകളുടെ കൂടി ഉത്തരവാദിത്തമാണ്.
3. പരാമർശം (7,8,9) എന്നിവ പ്രകാരം മാലിന്യ ഉത്പാദകരാരും തന്നെ തങ്ങളുടെ ഖര മാലിന്യം തെരുവുകളിലേക്കോ, പൊതു ഇടങ്ങളിലേക്കോ വലിച്ചെറിയരുതെന്നും കത്തിക്കരുതെന്നും ജലാശയങ്ങളിലേക്കോ ജലമാർഗ്ഗത്തിലേക്കോ ഒഴുക്കിവിടരുതെന്നും പകരം തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന നിയോഗിക്കപ്പെടുന്ന ആളുകൾ/ഏജൻസികൾ മുഖേന ഓരോ മാലിന്യ ഉത്പാദകനും യൂസർ ഫീ നൽകി തങ്ങളുടെ മാലിന്യം തരംതിരിച്ച് കൈയൊഴിയണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുള്ളതാണ്.
4. ആയതിനെ അടിസ്ഥാനപ്പെടുത്തി പരാമർശം (10) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് മാലിന്യ പരപാലന ഉപനിയമാവലി ഭരണസമിതി അംഗീകാരത്തോട പാസാക്കിയിട്ടുള്ളതുമാണ്.
5. പരാമർശം (11,12) പ്രകാരമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ത.സ്വ.ഭ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന മുഖേന പാഴ് വസ്തു ശേഖരണത്തിന് ആവശ്യമായ സജ്ജീകരണങ്ങളൊരുക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും സ്ഥാനങ്ങളിൽ നിന്നും പരാമർശം (12) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം യൂസർഫീ ഈടാക്കുന്നതിന് സർക്കാർ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.
6. ആയതിനാൽ തന്നെ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് ഹരിതകർമ്മ സേന മുഖാന്തിരം വാതിൽപ്പടി ശേഖരണത്തിലൂടെ ഖരമാലിന്യ ശേഖരണം യൂസർഫീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് മേൽ പരാമർശങ്ങൾ പ്രകാരം നിയമസാധുതയുള്ളതുമാണ്.
7. ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിവിധ ഉത്തരുവുകളേയും നിർദ്ദേശങ്ങളെയും അടിസ്ഥാനപ്പെടുത്തി സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഹരിതകർമ്മ സേന മുഖേന യൂസർഫീ അടിസ്ഥാനത്തിലുള്ള വാതിൽപ്പടി ശേഖരണം അനിവാര്യമായതിനാൽ ആയത് ഓരോ ത.സ്വ.ഭ സ്ഥാപനവും ഉറപ്പാക്കേണ്ടതാണ്. ആയത് ജില്ലാ വകുപ്പ് മേധാവിമാരും സംസ്ഥാന മേധാവി മാരും നിരന്തര അവലോകനത്തിലൂടെ ഉറപ്പ് വരുത്തേണ്ടതാണ്.
8. വാതിൽപ്പടി പാഴ് വസ്തു ശേഖരണ സേവനം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 100% യൂസർഫീ ശേഖരിക്കുന്നതിന് പരാമർശം (12) ഉത്തരവിലെ **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ** എന്ന ശീർഷകത്തിലെ **ഖണ്ഡിക XXIV ൽ** നിഷ്കർഷിക്കും പ്രകാരം അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. (ഉദാ. ത.സ്വ.ഭ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന നൽകുന്ന യൂസർ ഫീ കാർഡ് / രസീതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് അപേക്ഷകരോട് നിർദ്ദേശിക്കാവുന്നതാണ്)
9. മേൽ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ വ്യാജ പ്രചാരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് അതാത് ത.സ്വ.ഭ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതരത്തിൽ ത.സ്വ.ഭ സ്ഥാപനങ്ങളും, ശുചിത്വ മിഷനും, ഹരിതകേരള മിഷനും, കുടുംബശ്രീ മിഷനും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തീവ്ര വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:37 PM

**Note # 1**

വിഷയം:-ത.സ്വ.ഭ.വ- മാലന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ പിരിക്കുന്നത്- സംബന്ധിച്ച്.

മാലന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ പിരിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ ലഭ്യമാക്കിയ കത്ത് p-1cf കണ്ടാലും.വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ് കൽപ്പിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ പുറപ്പെടുവിച്ച നടപടിക്രമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഏത് സേവനങ്ങൾക്കും ഉള്ള അപേക്ഷയോടൊപ്പം ഹരിതകർമ്മ സേന അംഗങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണത്തിന് ലഭിക്കുന്ന രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവ് നിലവിലില്ല എന്ന് പരാമർശിച്ചിരുന്നു. ആയത് ചില മാധ്യമങ്ങളും വ്യക്തികളും ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകുന്നതിന് നിയമമില്ലായെന്ന തരത്തിൽ വ്യാഖ്യാനിച്ച് വ്യാപകമായി പത്ര മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തി വരുന്നത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും ത.സ്വ.ഭ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനേയും പ്രതികൂലമായി ബാധിക്കുമെന്നും ആയതിനുള്ള സ്പഷ്ടീകരണം സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നും അനുബന്ധമായി ലഭ്യമാക്കിയിരിക്കുന്നത് (p-2cf) പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

ഉത്തരവിന് വിധേയമായി കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**05/01/2023 11:47 AM** **VEENA R S**
**ASST-WM3-LSGD**

---

**Note # 2**

മുൻ ഖണ്ഡിക കുറിപ്പുകൾ ദയവായി കണ്ടാലും. ഹരിതകർമ്മ സേന മുഖാന്തിരം നടത്തുന്ന പ്ലാസ്റ്റിക് ശേഖരണവും ഇതിന് ചുമത്തുന്ന യൂസർ ഫീയും സംബന്ധിച്ച് ധാരാളം പരാതികളും ആക്ഷേപങ്ങളും വകുപ്പിൽ ലഭിക്കുന്നുണ്ട്. ഈ വിഷയം 04/01/2023 ൽ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലും ചർച്ച ചെയ്തിട്ടുണ്ട്.

ഈ വിഷയം സാമൂഹ്യ പത്ര മാധ്യമങ്ങളിൽ തെറ്റായി വ്യാഖ്യാനിച്ചും സേനയ്ക്ക് യൂസർ ഫീ നൽകുന്നതിന് നിയമമില്ലായെന്ന തരത്തിലും വ്യാഖ്യാനിച്ച് വരുന്ന സാഹചര്യത്തിൽ ഇത് കർശനമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ആവശ്യമാണെന്ന് കാണുന്നു. ചുരുങ്ങിയ കാലത്തേക്കോ ദീർഘ കാലത്തേക്കോ ആൾ താമസമില്ലാത്ത വീടുകൾ/സ്ഥാപനങ്ങൾ, വാടക വീടുകൾ, യൂസർ ഫീ നൽകാൻ തയ്യാറല്ലാത്ത വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച് കരട് ഉത്തരവിൽ പ്രസ്താവിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ഉത്തരവിനായും ഇല്ലാത്ത പക്ഷം നിലവിലെ ഉത്തരവ് അംഗീകാരത്തിനായും സമർപ്പിക്കുന്നു.



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:35 PM

**05/01/2023 01:31 PM** **PRASANTH C**
**SO-WM-LSGD**

---

## Note # 3

ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തെയും ത.സ്വ.ഭ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനേയും പ്രതികൂലമായി ബാധിക്കുമെന്നും ആയതിനുള്ള സ്പഷ്ടീകരണം സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നും (p-2cf) ശുചിത്വ മിഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിച്ചതിനു ശേഷം മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. ഉത്തരവിന് വിധേയമായി കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**05/01/2023 03:21 PM** **SHIBI ABRAHAM**
**DS-WM-LSGD**

---

## Note # 4

ബഹു: മന്ത്രി കൂടി കാണുന്നതിനായി - a videobyte in my name has been taken and circulated by suchitwa mission.

We may also obtain the explanation from the Alappuzha DDP for the incomplete reply that has been used for this campaign.

We have sought the advice of the Law secretary on how we can proceed against handles and media that are spreading misinformation. It is reported that some government officers themselves have been supporting the anti HKS moves. they need to be exposed and the departments informed.

**06/01/2023 11:57 AM** **SARADA MURALEEDHARAN I A S**
**ACS (LSGD)**

---

## Note # 5

1. കരട് ഉത്തരവ് അംഗീകരിച്ചു.
2. ആലപ്പുഴ DDP യോട് വിശദീകരണം ചോദിക്കണം.
3. വ്യാജപ്രചരണത്തിനെതിരെ നിയമനടപടി സ്വീകരിക്കുക.

DGP യ്ക്ക് പരാതി നൽകുക.

**06/01/2023 03:13 PM** **M B RAJESH**
**MIN ( LSGD )**

---

## Note # 6



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:35 PM

**06/01/2023 03:33 PM** **SARADA MURALEEDHARAN I A S**
**ACS (LSGD)**

---

**Note # 7**

മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം, കരട് ഉത്തരവ് അംഗീകാരത്തിന് സമർപ്പിക്കുന്നു

**06/01/2023 04:08 PM** **SHIBI ABRAHAM**
**DS-WM-LSGD**

---

**Note # 8**

**06/01/2023 06:52 PM** **SARADA MURALEEDHARAN I A S**
**ACS (LSGD)**

---

**Note # 9**

**07/01/2023 11:39 AM** **SHIBI ABRAHAM**
**DS-WM-LSGD**

---

**Note # 10**

**07/01/2023 11:49 AM** **PRASANTH C**
**SO-WM-LSGD**

---

**Note # 11**

As directed the letter to DGP is submitted for approval.

**07/01/2023 11:59 AM** **SHIBI ABRAHAM**
**DS-WM-LSGD**

---

**Note # 12**



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:35 PM

**07/01/2023 02:10 PM** **SARADA MURALEEDHARAN I A S**
**ACS (LSGD)**

---

**Note # 13**

**07/01/2023 03:04 PM** **SHIBI ABRAHAM**
**DS-WM-LSGD**

---

**Note # 14**

**07/01/2023 04:46 PM** **VEENA R S**
**ASST-WM3-LSGD**

---

**Note # 15**

**Please communicate the details received from Suchitwa mission atP10CF to DGP, in continuation of the letter issued recently**

**09/01/2023 04:43 PM** **SHIBI ABRAHAM**
**DS-WM-LSGD**

---

**Note # 16**

കുറിപ്പ് 15 ലെ നിർദ്ദേശ പ്രകാരം, ശുചിത്വ മിഷൻ ലഭ്യമാക്കിയ വിവരങ്ങൾ **DGP** ക്ക് **email** ചെയ്തിട്ടുണ്ട്.

കുറിപ്പ് 5 ൽ , ആലപ്പുഴ **DDP** യോട് വിശദീകരണം ചോദിക്കണമെന്ന് ബഹു മന്ത്രി നിർദ്ദേശിച്ചിരിക്കുന്നു.ടി സാഹചര്യത്തിൽ ആലപ്പുഴ **DDP** യുടെ വിശദീകരണം ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടാവുന്നതാണ്.

ഉത്തരവിന് വിധേയമായി കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു

**16/01/2023 12:15 PM** **VEENA R S**
**ASST-WM3-LSGD**

---

**Note # 17**



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:35 PM

**22/01/2023 09:33 PM** **PRASANTH C**
**SO-WM-LSGD**

---

**Note # 18**

**23/01/2023 01:23 PM** **SHERLI P**
**SPL SECY-LSGD**

---

**Note # 19**

**24/01/2023 09:24 AM** **PRASANTH C**
**SO-WM-LSGD**

---



Generated from eOffice by VEENA R S, ASST-WM3-LSGD, ASST-WM3-LSGD, LSGD on 01/03/2023 03:35 PM